**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 331** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി പഞ്ചായത്ത് കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പുതിയ കെട്ടിട നിർമാണത്തിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി പഞ്ചായത്തിന്റെ പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച അപേക്ഷയുടെ (PAN/13660/2022/C9(DP) തീയതി 06-10-2022) നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | പ്രസ്തുത അപേക്ഷയിലെ വിഷയത്തിൽ വ്യക്തമായ അഭിപ്രായം ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പ്രസ്തുത കാര്യാലയത്തിൽ തുടർനടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത അപേക്ഷയുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ചീഫ് ടൗൺ പ്ലാനർക്ക് എന്നാണ് അയച്ചതെന്ന് അറിയിക്കാമോ, പ്രസ്തുത മറുപടി ലഭിച്ചുവോ എന്നും അറിയിക്കാമോ; | (ബി) | 26.10.2022 ലെ RA3/311/2022-LSGD നമ്പർ സർക്കാർ കത്ത് പ്രകാരം ഈ വിഷയത്തിൽ ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ അഭിപ്രായം തേടുന്നതാണ് ഉചിതമെന്ന് 02.01.2023 ലെ TCPCTP/2683/2022-E3 നമ്പർ കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ അഭിപ്രായപ്പെട്ടു. |
| (സി) | ഇല്ലെങ്കിൽ നാളിതുവരെയായിട്ടും പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ, എത്രയും വേഗം പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ആവശ്യമായ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | 26.10.2022 ലെ RA3/311/2022-LSGD നമ്പർ സർക്കാർ കത്ത് പ്രകാരം ഈ വിഷയത്തിൽ ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ അഭിപ്രായം തേടുന്നതാണ് ഉചിതമെന്ന് 02.01.2023 ലെ TCPCTP/2683/2022-E3 നമ്പർ കത്ത് പ്രകാരം ചീഫ് ടൗൺ പ്ലാനർ അഭിപ്രായപ്പെട്ടു. |

സെക്ഷൻ ഓഫീസർ